മി. സ്പീക്കർ : ചോദ്യം 592

മന്തുരോഗ നിയന്ത്രണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി

3(*592) ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എം. എ. തോമസ് :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മന്തുരോഗ നിയന്ത്രണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഏതൊക്കെ ജില്ലകൾ കേന്ദ്രീകരിച്ചാണ് പ്രസ്തുത പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് മന്തുരോഗ നിയന്ത്രണ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ ;

(ഡി) എങ്കിൽ ഏതൊക്കെ ജില്ലകളിലേക്കാണ് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ഡി. ഇ. സി. ചികിൽസ ഫലപ്രദമാണെന്ന് കരുതുന്നുണ്ടോ ; എങ്കിൽ കൂടുതൽ പേർക്ക് പ്രസ്തുത ചികിത്സ നൽകുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ ;

(എഫ്) സംസ്ഥാനത്ത് മന്തുരോഗം പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് വിദേശ/ലോകാരോഗ്യ സംഘടനയുടെ സഹായത്തോടുകൂടി എന്തെങ്കിലും പദ്ധതി നടപ്പാക്കി വരുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തു തുക മന്തുരോഗ നിയന്ത്രണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : സർ,

(എ) കേരളത്തിലെ പത്തു ജില്ലകളിൽ മന്തുരോഗ നിയന്ത്രണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ജില്ലകളിൽ മൊത്തം 16 ദേശീയ മന്തുരോഗ നിയന്ത്രണ യൂണിറ്റുകൾ, ഒരു ഫൈലേറിയ കൺട്രോൾ വർക്ക്സ്, രണ്ട് ഫൈലേറിയ സർവേ യൂണിറ്റുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. രാത്രി കാലങ്ങളിൽ രക്ത പരിശോധന, കൊതുകിന്റെ കൂത്താടികളെ നശിപ്പിക്കുന്നതിനായി

LIBRARY ARCHIVES Kerala Legislative Assembly

മലിനജലം കെട്ടിക്കിടക്കുന്നയിടങ്ങളിൽ കൃത്താടി നാശിനി മരുന്നുകൾ തളിക്കുക, ലാർവകളുടെയും കൊതുകിന്റെയും സാന്ദ്രത നിർണ്ണയിക്കൽ എന്നീ ജോലികൾ പതിവായി നടത്തിവരുന്നു. രക്തപരിശോധനയിൽ മന്തു രോഗത്തിന്റെ അണുക്കളെ കണ്ടുപിടിച്ചാൽ സൗജന്യമായി ഡി.ഇ.സി ചികിത്സയും നൽകിവരുന്നു.

(ബി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർകോട് എന്നീ ജില്ലകളിൽ മന്തുരോഗ നിയന്ത്രണ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു.

(സി) കേന്ദ്രഗവൺമെന്റിന്റെ രോഗ നിയന്ത്രണ പരിപാടിയനുസരിച്ച് പട്ടണ പ്രദേശങ്ങളിൽ മാത്രമേ ഇതു നടപ്പിലാക്കിയിട്ടുള്ളൂ. എന്നാൽ ആവശ്യമനുസരിച്ച് ഗ്രാമപ്രദേശങ്ങളിലും രോഗ നിയന്ത്രണ പ്രവർത്തനം നടത്തേണ്ടിവരും.

(ഡി) ജില്ലകൾ ഏതെല്ലാമാണെന്ന് ഇപ്പോൾ തീരുമാനിക്കാൻ പറ്റുകയില്ല. ആവശ്യമനുസരിച്ച് അപ്പപ്പോൾ തീരുമാനിക്കും.

(ഇ) മന്തുരോഗത്തിന് ഏറ്റവും ഫലപ്രദമായ മരുന്ന് ഡി. ഇ. സി. ആണെന്ന് തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. അതിനാൽ കൂടുതൽ പേർക്ക് ചികിത്സ നൽകാനാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

(എഫ്) ലോകാരോഗ്യ സംഘടനയുടെ സാങ്കേതിക സഹായം തരുന്നതനുസരിച്ചാണ് പുതുക്കിയ സിംഗിൾ ഡോസ് (ഡി. ഇ. സി) മാസ്സ് ഡ്രഗ്സ് അഡ്മിനിസ്ട്രേഷൻ ആനുവലിപ്രകാരം ചികിത്സ നടപ്പിലാക്കിയിട്ടുള്ളത്. അതനുസരിച്ച് വർഷത്തിലൊരിക്കലും തുടർച്ചയായി അഞ്ചുവർഷവും ഈ ചികിത്സ നടത്തുന്നതുമൂലം പൂർണ്ണമായി മന്തുരോഗ നിർമ്മാർജ്ജനം ചെയ്യാൻ കഴിയുമെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്.

(ജി) ദേശീയ മന്തുരോഗ നിവാരണ പരിപാടി 50% കേന്ദ്രാവിഷ്കൃതമാണ്. നടപ്പുവർഷമുൾപ്പെടെ കഴിഞ്ഞ നാലുവർഷങ്ങളിലായി ഓരോ വർഷവും 80 ലക്ഷം രൂപ സംസ്ഥാന ബജറ്റിൽ പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ പരിപാടി നടപ്പിലാക്കുന്നതിനാവശ്യമായ മരുന്നുകൾ ലാർമിസൈഡ് എന്നിവ കേന്ദ്രഗവൺമെന്റ് നല്കിവരുന്നു. എന്നാൽ ജീവനക്കാരുടെ ശമ്പളം, സാധനസാമഗ്രികൾ, യന്ത്രോപകരണങ്ങൾ എന്നിവയ്ക്ക് സംസ്ഥാന സർക്കാരാണ് ചെലവാക്കുന്നത്.

<u>ശ്രീ. ലോനപ്പൻ നമ്പാടൻ</u>: ലോകാരോഗ്യ സംഘടനയുടെ സഹായത്തോടെ മൂന്ന് ഘട്ടങ്ങളിലായി ആലപ്പുഴ ജില്ലയിൽ സംഘടിപ്പിച്ച മാസ്സ് ഡ്രഗ് തെറാപ്പി എന്ന പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; മന്തുരോഗ നിയന്ത്രണത്തിനായി ആലപ്പുഴയിൽ തുറന്ന ഓഫീസിന്റെ പ്രവർത്തനം ഇപ്പോൾ നടക്കുന്നുണ്ടോ എന്നു വ്യക്തമാക്കാമോ?

<u>ശ്രീ. വി. സി. കബീർ</u>: ആലപ്പുഴ ജില്ലയിലെ മന്തുരോഗ നിയന്ത്രണ പ്രവർത്തനങ്ങൾക്കുള്ള ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. അതിന്റെ വിലയിരുത്തൽ ഞാൻ വന്നതിനുശേഷം നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, സംസ്ഥാനത്ത് ഇപ്പോൾ മന്തുരോഗം തടയാൻ ശാസ്ത്രീയമായ വല്ല പഠനവും നടത്തിയിട്ടുണ്ടോ ; എത്ര മന്തു രോഗികളുണ്ടെന്ന് വ്യക്തമാക്കാമോ ; ഇവരുടെ എണ്ണം കൂടിവരികയാണോ?

ശ്രീ. വി. സി. കബീർ : സംസ്ഥാനത്ത് എത്ര മന്തു രോഗികളുണ്ടെന്നറിയാൻ പ്രത്യേക ചോദ്യം വേണം. മന്തു രോഗികളുടെ എണ്ണം കൂടിവരുന്നില്ല. ഇപ്പോൾ ചികിത്സ നടത്തുന്നത് ലോകാരോഗ്യ സംഘടനകളുടെ നിർദ്ദേശമനുസരിച്ചാണ്. ഒരു പ്രത്യേക മരുന്നിന്റെ പേര് ഇവിടെ സൂചിപ്പിച്ചു. ആ മരുന്ന് കൊല്ലത്തിൽ ഒറ്റ പ്രാവശ്യം കഴിച്ചാൽ മതി. അഞ്ചുവർഷം തുടർച്ചയായി മരുന്നു കഴിച്ചാൽ രോഗം മാറുമെന്നാണ് കണ്ടിട്ടുള്ളത്.

ശ്രീ. ജി. സുധാകരൻ : സർ, ഒരു കാലിൽ മന്തുള്ളവരുടെ എണ്ണമെടുത്തിട്ടുണ്ടോ ; ദയവായി പ്രത്യേക ചോദ്യം വേണമെന്നു അങ്ങ് പറയരുത്. കാരണം അതിനെപ്പറ്റി അന്വേഷിക്കുന്നുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നത്. എക്സാക്ട് എണ്ണമല്ല. ഒരു കാലിൽ മന്തുള്ളവരുടെ എണ്ണം ശേഖരിച്ചിട്ടുണ്ടോ ; രണ്ട് കാലിലും മലപോലെ മന്തുള്ള കുഞ്ഞുണ്ണിമേനോനെ പോലെയുള്ള രണ്ടു കാലിലും മന്തുള്ളവരുടെ എണ്ണം എടുക്കുന്നുണ്ടോ ; ഇത് സംബന്ധിച്ച് ഗവൺമെന്റ് കൈക്കൊള്ളുന്ന നടപടികൾ വ്യക്തമാക്കാമോ?

ശ്രീ. വി. സി. കബീർ : ചില സ്ഥലങ്ങളിൽ ഒരു കാലിൽ മാത്രം മന്തുള്ളവരും ചില സ്ഥലങ്ങളിൽ കുഞ്ഞുണ്ണി മേനോനെപ്പോലെ രണ്ടുകാലിലും മന്തുള്ളവരേയും കാണുന്നുണ്ട്. പക്ഷെ മന്തുരോഗം വ്യാപിക്കുന്നില്ല എന്നുള്ള കാര്യത്തിൽ ഗവൺമെന്റിന് ഉറപ്പ് പറയാൻ കഴിയും.

ശ്രീ. ജി. സുധാകരൻ : മന്തുരോഗത്തിന്റെ പ്രധാന കേന്ദ്രം ബഹുമാനപ്പെട്ട ലോനപ്പൻ നമ്പാടൻ ഇവിടെ ഉന്നയിച്ചതുപോലെ, എല്ലാവർക്കും അറിയാവുന്നതുപോലെ ആലപ്പുഴ ജില്ലയാണെന്നിരിക്കെ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി ചേർത്തലയിൽ ദീർഘകാലം പ്രവർത്തിച്ചിരുന്ന വെക്ടർ കൺട്രോൾ റിസർച്ച് സെന്റർ പ്രവർത്തനം അവസാനിപ്പിച്ചു കഴിഞ്ഞു. ഈ നിയമസഭയുടെ ആദ്യകാലം മുതൽ ഞാനടക്കമുള്ള എം.എൽ.എ.മാർ അത് അവിടെ പ്രവർത്തനം അവസാനിപ്പിക്കുകയാണെങ്കിൽ അതു സംസ്ഥാന ഗവൺമെന്റ് ഏറ്റെടുക്കണമെന്ന് തുടർച്ചയായി പറഞ്ഞിട്ടും ചെവിക്കൊള്ളാതെ ആ സ്ഥാപനം സംസ്ഥാനത്തിനു വെളിയിലേക്ക് പോകുകയും ചെയ്തു. ഈ ദുഃസ്ഥിതി ഗവൺമെന്റിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ; ആ സെന്ററിന്റെ പ്രവർത്തനം ഏതെങ്കിലും തരത്തിൽ സംസ്ഥാന ഗവൺമെന്റിന് അവിടെ തുടരാൻ കഴിയുമോയെന്നു വ്യക്തമാക്കാമോ?

ശ്രീ. വി. സി. കബീർ : ഗൗരവമേറിയ ഒരു കാര്യമാണ് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത്. ആ സ്ഥാനം എങ്ങനെ നഷ്ടപ്പെടുമെന്ന കാര്യത്തെ സംബന്ധിച്ച് അന്വേഷണം നടത്തും. ആലപ്പുഴ ജില്ലയുടെ തീരദേശങ്ങളിൽ ധാരാളം മന്തുരോഗികളുണ്ടെന്ന സാഹചര്യം കണക്കിലെടുത്തുകൊണ്ട് അത് പ്രത്യേകമായി ശ്രദ്ധിച്ച് അവിടെ പ്രവർത്തനങ്ങൾ കേന്ദ്രീകരിക്കാൻ നിർദ്ദേശം കൊടുക്കുന്നതാണെന്ന് അറിയിക്കുന്നു.

ശ്രീ. എം. എ. തോമസ് : കേരളത്തിൽ കൂടുതൽ മന്തു രോഗ ബാധിത പ്രദേശങ്ങളിൽ ഒന്നാണ് കൊച്ചി. ഇപ്പോൾ ഇതിന്റെ വളർച്ചാ നിരക്ക് കുറഞ്ഞിട്ടുണ്ടെങ്കിലും ഈ രോഗം പരിപൂർണ്ണമായി തടയുന്നതിനു സാധിച്ചിട്ടില്ല. നേരത്തെ ചോദിച്ച ചോദ്യം തന്നെയാണ് ചോദിക്കുന്നത്. ഇപ്പോൾ പുതിയതായി എത്ര പേർക്ക് മന്തുരോഗം ബാധിച്ചിച്ചുണ്ടെന്നുള്ളതിന് എന്തെങ്കിലും വിവരം സർക്കാരിന് കിട്ടിയിട്ടുണ്ടോ : ഉണ്ടെങ്കിൽ എത്രയാളുകൾക്കാണ് ബാധിച്ചിട്ടുള്ളത് ?

ശ്രീ. വി. സി. കബീർ : ഇതിനെ സംബന്ധിച്ച് പ്രത്യേക ഉത്തരം എന്റെ കയ്യിൽ ഇല്ല. ആവശ്യമെങ്കിൽ കുറച്ചു ദിവസങ്ങൾക്കുള്ളിൽ ഉത്തരം ശേഖരിച്ച് സഭയിൽ വയ്ക്കുന്നതാണ്. എറണാകുളം ജില്ലയിലെ പ്രത്യേകത നമുക്കറിയാം. ഹെലികോപ്ടറിന്റെ വലിപ്പത്തിലുള്ളതാണ് ഓരോ കൊതുകുകളും ആ കൊതുകുകൾ വന്നു നമ്മളെ കൊത്തികൊണ്ടു പോകുമെന്നുള്ളതുകൊണ്ട് പലയാളുകളും എറണാകുളത്തു താമസിക്കാറില്ല. ആലുവയിൽ പോയാണ് പലരും താമസിക്കുതെന്ന് നമുക്കറിയാം. ആ സാഹചര്യവും കൊച്ചിയിലെ പ്രത്യേക സാഹചര്യവും പരിഗണിച്ചു കൊണ്ട് കൊച്ചിയിലെ മന്തുരോഗ പ്രതിരോധ പ്രവർത്തനങ്ങൾ കാര്യമായി നടത്തുന്നുണ്ട്.

ശ്രീ. എം. എ. തോമസ് : ഇവിടെ രോഗം കണ്ടെത്തുന്നതിനുവേണ്ടി സന്ധ്യാസമയങ്ങളിൽ രക്തമെടുത്ത് പരിശോധിക്കുന്നതിനെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. എന്നാൽ കഴിഞ്ഞ ഒന്നു രണ്ടു വർഷമായി കൊച്ചി പ്രദേശങ്ങളിൽ ഇങ്ങനെയുള്ള രക്തമെടുക്കലോ പരിശോധിക്കലോ ഒന്നും നടക്കുന്നില്ല. ഇക്കാര്യത്തെക്കുറിച്ച് മന്ത്രി അന്വേഷിക്കുമോ എന്നാണ് അറിയേണ്ടത്.

ശ്രീ. വി. സി. കബീർ : മന്തു രോഗമുണ്ടെന്നു കണ്ടാൽ രാത്രി കാലത്താണ് കൊതുകിനെ പിടിക്കുന്നത്. കൊതുകാണല്ലോ രോഗം വ്യാപിപ്പിക്കുന്നത്. അതുകൊണ്ട് രാത്രി തന്നെ കൊതുകുകളെ പിടിക്കാനും പരിശോധിക്കാനുമുള്ള സംവിധാനം ഇപ്പോൾ തന്നെയുണ്ട്. കൊതുകുകൾ രോഗം വ്യാപിപ്പിക്കുന്നു എന്നുള്ള ഇൻഫർമേഷൻ ഗവൺമെന്റിന് കിട്ടിയാൽ അടിയന്തിര നടപടിയെടുക്കും.

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : ബഹുമാനപ്പെട്ട കായംകുളം മെമ്പർ ശ്രീ. ജി. സുധാകരൻ സൂചിപ്പിച്ചത് വളരെ ഗൗരവമായ പ്രശ്നമാണ്. മന്തുരോഗം സാവകാശമാണെങ്കിലും തിരികെ വന്നു കൊണ്ടിരിക്കുകയാണ്. ചേർത്തലയിൽ പ്രവർത്തിച്ചിരുന്ന വെക്ടർ കൺട്രോൾ റിസർച്ച് സെന്റർ എന്ന സ്ഥാപനത്തെക്കുറിച്ച് അന്വേഷിക്കാമെന്ന് മന്ത്രി പറഞ്ഞു. അന്വേഷിക്കേണ്ട കാര്യമില്ല. കാരണം കേന്ദ്രഗവൺമെന്റിന്റെ സ്കീമനുസരിച്ചായിരുന്നു ആ സ്ഥാപനം അവിടെ പ്രവർത്തിച്ചിരുന്നത്. ഇനി ഈ സ്കീം മുന്നോട്ടു പോകണമെങ്കിൽ സംസ്ഥാന ഗവൺമെന്റ് സാമ്പത്തികമായി മുതൽ മുടക്കാൻ തയ്യാറാകണം. മന്തുരോഗം സാവകാശം തിരിച്ചുവരുന്ന സഹാചര്യത്തിൽ ആ സ്ഥാപനം തുടർന്ന് പ്രവർത്തിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. സി. കബീർ : ഞാൻ നേരത്തെ തന്നെ പറഞ്ഞു. പ്രതിപക്ഷ നേതാവ് പറഞ്ഞ കാര്യത്തിന്റെ ഗൗരവത്തിലേക്ക്, അത് എങ്ങനെ നഷ്ടപ്പെട്ടു എന്ന സഹചര്യത്തിലേക്ക് ഞാൻ ഇപ്പോൾ പോകുന്നില്ല. അതു ആവശ്യമാണെന്ന കാര്യം ബോദ്ധ്യമായിട്ടുണ്ട്. അതുകൊണ്ട് സ്റ്റേറ്റ് ഗവൺമെന്റിന്റെ നേതൃത്വത്തിൽ ആ സ്ഥാപനം പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ മന്തുരോഗം നിർമ്മാർജ്ജനം ചെയ്യപ്പെടാത്ത പ്രത്യേക പശ്ചാത്തലത്തിൽ. രോഗം ബാധിച്ച അനുഭവമുള്ള പട്ടണങ്ങളിലും ഗ്രാമങ്ങളിലും അതു കണ്ടെത്തുന്നതിനും തടയുന്നതിനും സന്നദ്ധ സേവനം നടത്താൻ തയ്യാറാകുന്ന ചെറുപ്പക്കാരെ സംഘടിപ്പിച്ച് ചെറിയ തോതിലുള്ള വേതനം മാത്രം നൽകി ഈ രോഗം പൂർണ്ണമായും നിർമാർജ്ജനം ചെയ്യുന്ന പദ്ധതിക്ക് ഗവൺമെന്റ് രൂപം നൽകുമോ?

ശ്രീ. വി. സി. കബീർ : സർ, ബഹുമാനപ്പെട്ട മെമ്പർ ചില പൊതുവായ നിർദ്ദേശങ്ങളാണ് വച്ചിട്ടുള്ളത്. ഇതിന് വ്യാപകമായ കാമ്പയിൻ വേണം. അതോടൊപ്പം കൊതുകിന്റെ ലാർവകളെ ഒഴിവാക്കാനും കൊതുക് ഉണ്ടാകാതിരിക്കാനുമുള്ള സാഹചര്യമുണ്ടാകണം. ചെളിവെള്ളം കെട്ടിക്കിടക്കുന്നത് ഇല്ലാതാക്കാനുള്ള സംവിധാനം വേണം. ബോധവൽക്കരണം പ്രധാനമാണ്. വോളണ്ടിയർമാർക്ക് വേതനം എന്നുപറയാൻ പറ്റില്ല. അതുകൊണ്ട് സേവനം ചെയ്യുന്ന വോളണ്ടിയർമാർക്ക് ആനുകൂല്യങ്ങൾ. പറയാൻ പാടില്ല. അവർ സേവനം ചെയ്യുന്നവരാണ്. എന്നാൽത്തന്നെ വ്യാപകമായ പ്രചരണം ഇതിനാവശ്യമാണ്. സന്നദ്ധസംഘടനയുടെ സേവനം പ്രയോജനപ്പെടുത്താൻ ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

മി. സ്പീക്കർ : - ചോദ്യം 593

ഡ്രഗ് ഫോർമുലറി

4 (*593) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. പി. എസ്. സുപാൽ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഡ്രഗ് ഫോർമുലറി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ഈ ഫോർമുലറിക്ക് എത്ര ഭാഗങ്ങളുണ്ട് ;

(സി) ഓരോ ഭാഗത്തിലും ഉൾക്കൊള്ളിച്ചിട്ടുള്ളത് എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഡ്രഗ് ഫോർമുലറി കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം ആണെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly